"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസറഗോഡ് ജില്ലയിലെ മധൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിമാരായ ശ്രീ. എ.ആർ. പ്രശാന്ത് കുമാർ, ശ്രീമതി ഗീതാകുമാരി പി. എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1954/2025/LSGD തീയതി,തിരുവനന്തപുരം, 06-08-2025

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 12/07/2022 ലെ ഇ18(എസ്.സി.33/2021/കെ.എസ്.ഡി)19844/2021 നമ്പർ കത്ത്.
2. 09/01/2023 ലെ ഇപിബി3/146/2022/തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോകൾ.
3. ശ്രീമതി. ഗീതകുമാരി പി. 03/03/2023 ൽ സമർപ്പിച്ച എതിർവാദ പത്രിക.
4. ശ്രീ. എ.ആർ. പ്രശാന്ത് കുമാർ 08/03/2023 ൽ സമർപ്പിച്ച എതിർവാദ പത്രിക.
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02/11/2023 ലെ LSGD/PD/9922/2023-VIGE4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിലെ മധൂർ ഗ്രാമപഞ്ചായത്തിൽ 2019-2020 വർഷത്തിൽ കുടിവെള്ള വിതരണത്തിന് മത്സരാധിഷ്ഠിത ടെന്റർ ക്ഷണിക്കാതെ സെക്രട്ടറിയുടെ സ്വന്തക്കാരന് കരാർ നൽകിയെന്നും വാഹനം ഓടിയതിലും കുടിവെള്ള വിതരണം നടത്തിയതിലും കൃത്രിമം കാണിച്ച് സർക്കാരിന് നഷ്ടം വരുത്തുകയും ചെയ്തു എന്നും മറ്റും ഉള്ള സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തി ചുവടെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

1. 2019 ലെ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട ഫയലിൽ ക്വട്ടേഷൻ നടപടിക്രമങ്ങളും മറ്റും കൃത്യമായി പാലിച്ചതായി കാണുന്നില്ല.

2. മധൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ അറ്റന്റൻസ് രജിസ്റ്ററും കാഷ്വൽ ലീവ് രജിസ്റ്ററും കൃത്യമായി പാലിക്കുന്നില്ല.

3. ദീർഘകാലമായി ഓഫീസിൽ ഹാജരാകാതിരുന്ന അസിസ്റ്റന്റ് സെക്രട്ടറിയായ ശ്രീ.അജു കെ.പി Deserter ആയി പ്രഖ്യാപിക്കുന്നതിനു യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല.

2. മേൽ ക്രമക്കേടുകളിൽ ഒന്നാമത്തെ അപാകതയ്ക്ക് ഉത്തരവാദിയായ മുൻ മധൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.എ.ആർ.പ്രശാന്ത് കുമാർ, രണ്ടാമത്തെയും മൂന്നാമത്തെയും അപാകതയ്ക്ക് ഉത്തരവാദിയായ ശ്രീമതി. ഗീതാകുമാരി.പി, എന്നിവർക്കെതിരെ പരാമർശം (2) പ്രകാരം കെ.സി.എസ് (സി സി & എ) ചട്ടം 15 അനുസരിച്ച് കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു.

3. പ്രസ്തുത കുറ്റാരോപണമെമ്മോകൾക്ക് ശ്രീമതി ഗീതാകുമാരിയും ശ്രീ. പ്രശാന്ത് കുമാറും പരാമർശം (3), (4) പ്രകാരം പ്രതിവാദ പത്രികകൾ സമർപ്പിക്കുകയും, ആയതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം ചുവടെ ചേർക്കുന്ന അഭിപ്രായ റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി.

***ശ്രീമതി ഗീതാകുമാരി പി.***

*കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീമതി.ഗീതാകുമാരി.പി നൽകിയ എതിർവാദ പത്രിക പ്രകാരം സർക്കാർ ഉത്തരവുകൾക്കും ജില്ലാ കളക്ടറുടെ ഉത്തരവുകൾക്കും വിധേയമായി ജീവനക്കാരുടെ ഹാജർ, ഡ്യൂട്ടി സമയം എന്നിവ ക്രമീകരിച്ച് പഞ്ചായത്ത് തലത്തിൽ പ്രവർത്തിച്ചു വരുന്ന സമയമായിരുന്നു. ജീവനക്കാർ റൊട്ടേഷൻ അടിസ്ഥാനത്തിലും സാംക്രമിക രോഗം പടർന്നു പിടിക്കാതിരിക്കാൻ ബാച്ചുകളായി തിരിച്ചും പ്രവർത്തിച്ചു വരുന്ന സമയം ആയിരുന്നു 2020. ഈ സമയത്ത് ആകസ്മികാവധിക്ക് പ്രസക്തിയുണ്ടായിരുന്നെങ്കിലും വർക്ക് അറ്റ് ഫോം എന്ന വ്യവസ്ഥയിൽ ജോലി ചെയ്ത് വരുന്ന കാലയളവായിരുന്നു. എങ്കിൽ പോലും അറ്റൻൻസ് രജിസ്റ്ററിൽ ഹാജർ രേഖപ്പെടുത്തുകയും മാസാവസാനം അനധികൃത അവധിയും ലേറ്റ് അറ്റൻൻസും ഇല്ലെന്ന് ഉറപ്പുവരുത്തിയാണ് ഓഫീസിൽ മേലധികാരിയെന്ന നിലയിൽ ജീവനക്കാർക്ക് ശമ്പളം വിതരണം നൽകിയിട്ടുള്ളത്. 2021 കലണ്ടർ വർഷത്തിലും അറ്റൻൻസ്സ് രജിസ്റ്ററിലും ഹാജർ സംബന്ധിച്ച് കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിരുന്നു. 2022 കലണ്ടർ വർഷം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറും, പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസറും പരിശോധന നടത്തിയതിൽ പിഴവുകളൊന്നും ചൂണ്ടികാണിച്ചിട്ടില്ല. ദീർഘ കാലമായി ഓഫീസിൽ ഹാജരാകാതിരുന അസിസ്റ്റന്റ് സെക്രട്ടറി അജു.കെ.പി., മധൂർ ഗ്രാമപഞ്ചായത്തിൽ 15/10/2020 ൽ ആണ് ജോലിയിൽ പ്രവേശിച്ചത്. ടിയാൾക്കു 120 ദിവസത്തെ ശൂന്യ വേതനവധി മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ അനുവദിച്ചിരുന്നു. ശ്രീ അജുവിന് ജോലിയിൽ പ്രവേശിക്കുന്നതിന് അറിയിപ്പ് നൽകിയിരുന്നു. അനധികൃത ഹാജരില്ലായ്മക്ക് എതിരെ നടപടി സ്വീകരിക്കുവാൻ പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടർക്കു ശിപാർശ ചെയ്യുകയും തുടർന്ന് പഞ്ചായത്തു ഡയറക്ടർ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ് എന്ന് ശ്രീമതി ഗീതാകുമാരി ബോധിപ്പിച്ചിരുന്നു.*

*2020-21 കാലഘട്ടം കോവിഡ് മഹാമാരിക്കെതിരെ ഗ്രാമപഞ്ചായത്തിലെ ജീവനക്കാർ മുൻനിര പ്രവർത്തകരായി സമയക്രമമൊന്നും കണക്കാക്കാതെ മുഴുവൻ സമയപ്രവർത്തനങ്ങളിൽ ഏർപ്പെട്ട സമയമായിരുന്നുവെന്നും, പഞ്ചായത്ത് വകുപ്പിനെ അവശ്യ സർവ്വീസായി സർക്കാർ പ്രഖ്യാപിച്ചിരുന്നതായും അവധി ദിവസങ്ങളിൽ ഉൾപ്പടെ ജീവനക്കാർ കോവിഡ് പ്രതിരോധപ്രവർത്തനങ്ങളിൽ വ്യാപൃതരായിരുന്നുവെന്നും പലപ്പോഴും ജീവനക്കാർ ഫീൽഡ് തല പ്രവർത്തനങ്ങളിലായിരുന്നുവെന്നും ആയതിനാൽ ടി കാലയളവിൽ അറ്റൻഡന്റ്സ് രജിസ്റ്ററും കാഷ്വൽ ലീവ് രജിസ്റ്ററും കൃത്യമായി സൂക്ഷിച്ചിട്ടില്ലെന്ന കുറ്റം ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കാതെ*

*തുടർനടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.*

*ശ്രീ.എ.ആർ.പ്രശാന്ത് കുമാർ*

*കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. എ.ആർ.പ്രശാന്ത് കുമാർ നൽകിയ എതിർവാദ പത്രിക പ്രകാരം കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട ക്വട്ടേഷൻ നോട്ടീസ് പത്രപരസ്യം ചെയ്യുന്നതിനായി 01.03.2019 തീയതിയിലെ 22-1187/2019 നമ്പർ കത്ത് പ്രകാരം ജില്ലാ ഇൻഫർമേഷൻ ഓഫീസർക്ക് നൽകിയതായും ലഭ്യമായതിൽ കുറഞ്ഞ ക്വട്ടേഷൻ നിരക്ക് കാണിച്ച ശ്രീ. രഘുനാഥ് നായിക്കിന് ക്വട്ടേഷൻ ൽകുകയും ചെയ്തിട്ടുണ്ട് എന്നും ടിയാൻ ബന്ധു അല്ലെന്നും സമീപ പഞ്ചായത്തുകളായ ചെങ്കള, പുത്തിഗെ പഞ്ചായത്തുകൾക്ക് നൽകുന്ന സേവനങ്ങൾ കണക്കാക്കുമ്പോൾ വളരെ കുറഞ്ഞ നിരക്കിനാണ് അവർ മധൂർ ഗ്രാമപഞ്ചായത്തിന് കുടിവെള്ള വിതരണ സേവനം നടത്തുന്നത് എന്നും അറിയിക്കുകയുണ്ടായി.*

*മധൂർ ഗ്രാമപഞ്ചായത്തിലെ 2019-20 വർഷത്തെ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് കുഡ്‌ലു, മധൂർ വില്ലേജ് ഓഫീസുകളിലും മധൂർ കൃഷിഭവൻ, ഗ്രാമപഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങളിൽ ക്വട്ടേഷൻ നോട്ടീസ് പ്രസിദ്ധീകരിക്കുകയും ക്വട്ടേഷനുകൾ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 05.04.2019 ന് ചേർന്ന ഭരണസമിതി യോഗത്തിലെ തീരുമാനം നമ്പർ 01/2019 പ്രകാരം ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ നിരക്ക് കാണിച്ച ശ്രീ. രഘുനാഥ് നായിക്കിന്റെ ക്വട്ടേഷൻ (4000 ലിറ്റർ ടാങ്കിൽ 4 ട്രിപ്പുകൾ ആകെ 16000 ലിറ്റർ./ദിവസം) അംഗീകരിച്ചിട്ടുമുണ്ട്. കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട ക്വട്ടേഷൻ നോട്ടീസ് പത്രപരസ്യം ചെയ്യുന്നതിനായി 01.03.2019 തീയതിയിലെ 22-1187/2019 നമ്പർ കത്ത് പ്രകാരം ജില്ലാ ഇൻഫർമേഷൻ ഓഫീസർക്ക് അയച്ച് നൽകിയതായി ഫയലിൽ കാണുന്നുണ്ട്. എന്നാൽ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചതായി കാണാൻ സാധിച്ചിട്ടില്ല.*

*പൊതുജനങ്ങൾക്ക് കൃത്യമായി കുടിവെള്ള വിതരണം ചെയ്തിട്ടുള്ളതായി രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയിട്ടുണ്ട്. കുടിവെള്ളം വിതരണം ചെയ്തതിന്റെ ട്രിപ്പ് ഷീറ്റ് അടക്കമുള്ള രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല. GPS ഘടിപ്പിച്ച വാഹനത്തിലാണ് കുടിവെള്ള വിതരണം നടത്തിയിട്ടുള്ളത്. സെക്രട്ടറിയുടെ ബന്ധുവിന് അനധികൃതമായി ക്വട്ടേഷൻ നൽകി എന്നുള്ളതിന് തെളിവുകളൊന്നുമില്ല. ആയതിനാൽ ശ്രീ. പ്രശാന്ത് കുമാർ എ.ആർ. ഔദ്യോഗിക നിർവ്വഹണത്തിൽ മന:പൂർവ്വമായ വീഴ്ച വരുത്തിയതായി കാണാൻ കഴിയില്ല എന്ന വിവരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.*

4. അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്ന അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. അജു കെ.പി. ക്കെതിരെ നടപടി സ്വീകരിക്കുന്നതിന് മധൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 10.05.2021 ന് കാസർഗോഡ് ജില്ലാ ഓഫീസിലേക്ക് കത്ത് നൽകുകയും ആയത് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ഡയറക്ടർ കുറ്റാരോപണ മെമ്മോ നൽകുകയും തുടർ നടപടി സ്വീകരിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ ശ്രീ. ആർ. പ്രശാന്ത് കുമാർ, ശ്രീമതി ഗീതാകുമാരി പി. എന്നിവർ സമർപ്പിച്ച എതിർവാദ പത്രികകൾ പരിഗണിക്കാവുന്നതാണെന്ന

വിവരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ അഭിപ്രായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2020-21 കാലഘട്ടം കോവിഡ് മഹാമാരി സമയത്ത് പഞ്ചായത്ത് വകുപ്പിനെ അവശ്യസർവ്വീസായി സർക്കാർ പ്രഖ്യാപിച്ചിരുന്നു. അവധി ദിവസങ്ങളിൽ ഉൾപ്പടെ ജീവനക്കാർ കോവിഡ് പ്രതിരോധപ്രവർത്തനങ്ങളിലും ഫീൽഡ് തല പ്രവർത്തനങ്ങളിലായിരുന്നു. വകുപ്പുതല അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ പ്രകാരവും , ടി കാലയളവിൽ അറ്റൻഡന്റ്സ് രജിസ്റ്ററും കാഷ്വൽ ലീവ് രജിസ്റ്ററും കൃത്യമായി സൂക്ഷിച്ചിട്ടില്ലെന്ന കുറ്റം ഗുരുതരമല്ല എന്നതായ നിരീക്ഷണത്തിലും മധൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിമാരായ ശ്രീ. എ.ആർ.പ്രശാന്ത് കുമാർ, ശ്രീമതി. ഗീതാകുമാരി പി. എന്നിവർക്കെതിരെ കെ.സി.എസ് (സി സി &എ) റൂൾസ് 1960 പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ *(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).*
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
5. ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്. കാസറഗോഡ്.
6. വിജിലൻസ് (ഡി) വകുപ്പ് (15/05/2025 തീയതിയിലെ VIG-D2/178/2022-VIG നമ്പർ കുറിപ്പ് പ്രകാരം).
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ഫയൽ നം. ഇപിബി3/146/2022/തസ്വഭവ.)

ഉത്തരവിൻ പ്രകാരം

Signed by Riju M Das
Date: 06-08-2025 23:20:57

സെക്ഷൻ ഓഫീസർ